

കുഞ്ഞുപട്ടത്തിന്റെ
വിരൽമൊഴികൾ
Malayalam Typewriter
Tab
Caps Lock
Enter
Shift
Shift
Space Bar

# 2018-19

# കുഞ്ഞുപട്ടത്തിന്റെ വിരൽമൊഴികൾ

## ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# ദേശീയഗാനം

ജനഗണമന അധിനായക ജയഹേ

ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ

ദ്രാവിഡ ഉത്കല ബംഗാ,

വിന്ധ്യഹിമാചല യമുനാഗംഗാ,

ഉച്ഛല ജലധിതരംഗാ,

തവശുഭനാമേ ജാഗേ,

തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ

ഭാരത ഭാഗ്യവിധാതാ,

ജയഹേ,ജയഹേ,ജയഹേ
ജയ ജയ ജയ ജയഹേ



## ആമുഖം

ചാവശ്ശേരി ഗ്രാമത്തിൻെറ നൂററാണ്ട് പിന്നിട്ട അറിവാലയം കാലത്തിൻെറ ആവശ്യകതയ്ക്കനുസരിച്ച് വികാസ ഘട്ടങ്ങൾ പിന്നിടുകയാണ്.

ഈ അറിവിന്റെ സർഗ്ഗചേതനയെ ആധുനിക ആവിഷ്കാരങ്ങളിലേക്ക് ഞങ്ങൾ കൈപിടിച്ച് നടത്തിക്കുമ്പോൾ,പൂഴിയിൽ അക്ഷര വിന്യാസം തേടിയ വിരലുകൾ ടച്ച് സ്ക്രീനിന് വഴിമാറിയ ആധുനിക യുഗത്തിൽ കുഞ്ഞു മനസ്സുകളുടെ ഭാവ ചിന്തകൾ സാങ്കേതികതയുടെ ചിറകിൽ ഉയർന്നു പറക്കട്ടെ.

ഡിജിററൽ കാലഘട്ടത്തിൽ ഹൈടെക്ക്ക്ലാസ്സ് മുറികളോടെ പ്രവർത്തിക്കുന്ന വിദ്യാലയം സർഗരചനകളെയും ഡിജിററലൈസ് ചെയ്യുകയാണ്. കുഞ്ഞു ചിന്തകളും സൃഷ്ടികളും ഇവിടെ നിറക്കൂട്ട ചാർത്തുന്നു.പരമ്പരാഗത രീതിയിൽ നിന്നും വിട്ടുമാറി ഒരു എളിയ ശ്രമം.

മാററത്തിനൊപ്പം മാററുരക്കാൻ ഈ എളിയ ശ്രമം സഹായകരമാവുമെന്നാശിക്കുന്നു.

സ്ററാഫ് എഡിറ്റർ

ടി.ഡി



# രചനാസമിതി

ചീഫ് എഡിറ്റർ : **ഹെഡ്മിസ്ട്രസ് മൈത്രി കെ പി**

സ്റ്റാഫ് എഡിറ്റർ : തോമസ് ദേവസ്യ

സ്റ്റുഡന്റ് എഡിറ്റർ : കാവ്യ.

## അംഗങ്ങൾ

- സുധ വി എം
- രശ്മി വി പി
- ജിത ടി സി
- ത്രേസ്യാമ്മ വി ജെ
- തിലകൻ ടി
- ശ്രീനിവാസൻ പി വി

അനാമിക പി വി
അനാമിക എൻ
ഋഷിരാജ് പി വി
ലാവണ്യ
അനവർണ്ണ
അർജ്ജുൻ
നന്ദന

# ആശംസ



ചാവശ്ശേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

കുട്ടികളുടെ മലയാളം ടൈപ്പിങ്ങിലുള്ള കഴിവും താല്പര്യവും വളർത്തിയെടുക്കുന്നതിന് ഈ മാഗസിൻ സഹായകമാവും. വിവരസാങ്കേതിക വിദ്യയുടെവളർച്ചക്കു സഹായക മായ ഇത്തരം ഉദ്യമങ്ങൾ പ്രോത്സാഹിക്കപ്പെടേണ്ടതാണ്.


ഈ മാഗസിന്റെ പിന്നണിയിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും കുട്ടികൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

എല്ലാ വിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

മൈത്രി കെ പി

# ഡിജിറ്റൽ ലോകം, ആശയും ആശങ്കയും



ലോക വർത്തമാനങ്ങളും കാഴ്ചകളും നമ്മുടെ കൺവെട്ടത്തും കൈവെള്ളയിലുമെത്തിക്കാൻ സഹായിക്കുന്ന ആധുനിക സംവിധാനമാണല്ലോ വിവരവിജ്ഞാന സാങ്കേതിക വിദ്യ. അറിവിന്റെ അനന്തസാധ്യതകളിലേക്ക് ഊളിയിടാൻ പുതുതലമുറയെ സജ്ജമാക്കുന്ന നിരവധി കർമപദ്ധതികൾ ഇതിന്റെ ഭാഗമായി ആവിഷ്കരിക്കപ്പെടുന്നുണ്ട്.

കുട്ടിവിദഗ്ധരെ വാർത്തെടുക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' മികച്ചൊരു സംവിധാനമാ-ണ്.പ്രതീക്ഷകളോടൊപ്പം ഏറേ ആശങ്കകളും ഡിജിറ്റൽ ജീവിതം വഴിയൊരുക്കുന്നുണ്ട്.മറ്റെന്തിലും എടുക്കാവുന്നതുപോലൊരു തീരുമാനം ഇവിടെയുമെടുക്കാവുന്നതേയുള്ളൂ.

നല്ലതിനെ ഉൾക്കൊള്ളുകയും മോശമായവയെ തള്ളിക്കളയുകയും ചെയ്യുക.

ഈ സംരംഭത്തിന് ഭാവുകങ്ങൾ.......

കെ ടി അബ്ദുള്ള മാസ്ററർ

# ആശംസ

ചാവശ്ശേരി ഗവഃ ഹയർ സെക്കൻററി സ്കൂൾ ലിററിൽ കൈററ്സിൻെറ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെടുന്ന കുഞ്ഞുപട്ടത്തിൻെറ വിരൽ മൊഴികൾ എന്ന ഡിജിററൽ മാഗസിൻ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

അജയകുമാർ

പി ടി എ പ്രസിഡണ്ട്

## ഉള്ളടക്കം

2018-19.....2
കുഞ്ഞുപട്ടത്തിന്റെ.....2
 വിരൽമൊഴികൾ.....2
എന്റെ നാട്.....1
ലഘുചരിത്രം.....3
വിടചൊല്ലും ഭംഗികൾ.....5
കുഞ്ഞാറ്റക്കിളിയും കുട്ടികളും.....6
പെരുകുന്ന വൃദ്ധസദനങ്ങൾ പ്രസന്ന.എം.വി.....8
പ്രളയം.....9
തീപ്പന്തം.....10
പ്രാർത്ഥന.....11
ഐകമത്യം മഹാബലം.....12
ഇന്നലെതൻ ഭംഗികൾ.....13
വീട് നഷ്ടപ്പെട്ടവർ.....14
ചായക്കൂട്ട്.....16
നദിയുടെ ഗാനം.....17
പ്രകൃതി അമ്മയാകുന്നു.....18
 അവൾ.....19
കേരളം എന്ന ഭ്രാന്താലയം.....20
ശാസ്ത്രം തോറ്റു; ഹോക്കിംഗ് ജയിച്ചു.....21
സോദരീ മാപ്പ്.....22
 കലോൽസവ വേദിയിൽ നിന്ന്.....24
ഹോർട്ടികൾച്ചർ ഗാർഡൻ.....27
കൗൺസിലിംഗ് ക്ളാസ്സ്.....28
വാദ്യകുലപതിയുടെ വേരുകൾ തേടി.....29
“ജിജ്ഞാസ....!”.....32
മികവ്.....33
കായിക മേള.....34
കുട്ടിപ്പോലീസ്.....36
പ്രവേശനോൽസവം.....37
ജെ ആർ സി.....38
ഒന്നാം ക്ളാസ്സ് ഒന്നാംതരം.....38
ബഷീർ ദിനം.....39
നന്ദി.....40

# എൻെറ നാട്



തലശ്ശേരിയിൽ 'നിന്നും 33 കി മീറ്റർ കിഴക്ക് സ്ഥിതിചെയ്യുന്ന പ്രദേശമാണ് ചാവശ്ശേരി. മലബാറിലെ പ്രസിദ്ധ പുരാതന രാജവംശമായ ഹരിശ്ചന്ദ്രരാജവംശത്തിന്റെ ഉദയം ,ചാവശ്ശേരിയുടെ പരിസരപ്രദേശങ്ങളിലായുള്ള **കരിയാടിമല,പുരളിമല** പ്രദേശങ്ങളിലാണ്.കരിയാടിമലയിൽ ഉൾപ്പെടുന്ന വെളിയമ്പ്ര എന്ന സ്ഥലത്താണ് ഈ രാജവംശത്തിൻറെ അധികാരകേന്ദ്രങ്ങളും ക്ഷേത്രങ്ങളും സ്ഥിതി ചെയ്തിരുന്നത് . ഇവർ പെരുമാൾ രാജാക്കന്മാർ എന്നും അറിയപ്പെട്ടിരുന്നു. വെളിയമ്പ്രയിൽ **മലമ്മക്കാവ്**കേന്ദ്രമായാണ് നൂറ്റാണ്ടുകളോളം ഇവർ ഭരണം നടത്തിയിരുന്നത്.ടൂറിസ്റ്റ് കേന്ദ്രമായ പഴശ്ശിരാജാ അണക്കെട്ട് ചാവശേരിക്കടുത്ത് സ്ഥിതി ചെയ്യുന്നു. ഇവിടെ നിന്നും കൊട്ടിയൂർ വരെ നീളുന്ന പ്രദേശങ്ങൾ ക്രമേണ ഇവരുടെ അധികാര പരിധിയിൽ വ്ന്നു ചേർന്നു.വില്ല്യം ലോഗൻെറ മലബാർ മാന്വലിൽ വെളിയമ്പ്രയെക്കുറിച്ചും ഇവിടത്തെ കൃഷി രീതിയെക്കുറിച്ചും പരാമർശമുണ്ട് പെരുമാൾ രാജവംശതിന്റെ പിന്മുറക്കാരാണ് പഴശ്ശിരാജാവുൾപ്പെടുന്ന പഴശ്ശി രാജവംശം. വെളിയമ്പ്രയിൽ നിന്നും ഈ സ്ഥലത്തിന്റെ ആസ്ഥാനം ചാവശേ്ശരിയിലേക്ക് മാറ്റപ്പെട്ടു ചവശ്ശേരിക്കോവിലകവും ഇവിടത്തെ രാജാവായിരുന്ന രവിവർമയും ചരിത്രത്തിൻറെ ഭാഗമായി മാറിയത് ഇക്കഴിഞ്ഞ നൂറ്റാണ്ടിലാണ് .ചാവശേ്ശരിക്കോവിലകം വിഭജിക്കപ്പെട്ടു തെക്കേ കോവിലകം



എന്നറിയപ്പെടുന്നചാവശേരിക്കൊവിലകത്തു ഇന്നവശേഷിക്കുന്നത് ഒരു ക്ഷേത്രം മാത്രമാണ് .

ഈ പ്രദേശത്തെ പ്രധാന വിളകളായിരുന്ന കുരുമുളക്,നെല്ല്,തേങ്ങ എന്നിവയുടെ കച്ചവടം നടത്തിയിരുന്നത് പത്തു മൈലോളം അകലെയുള്ള ഇരിക്കൂർ അങ്ങാടിയിലായിരുന്നു. കാർഷികോല്പന്നങ്ങൾ തലച്ചുമടായി ഏ ലന്നൂർ കടവ് വഴി ഇരിക്കൂർ അങ്ങാടിയിൽ എത്തിച്ചു പോന്നു. ജന്മി കുടിയാൻ വ്യവസ്ഥിതിയുടെ കൊടിയ ചൂഷണത്തിന്നു വിധേയമായിരുന്ന

ജനതതിയായിരുന്നു പ്രസ്തുത പ്രദേശത്തെ കൃഷിക്കാർ. ശങ്കര വർമ വലിയ രാജ ,അക്കാനിശ്ശേരി കുടുംബം ,കനകത്തടം വാഴുന്നവർ പുന്നാട് മൂസാഹാജി, കുറുമാത്തൂർ ഇല്ലം എന്നിവ സ്ഥലത്തെ അധികാരമുള്ള ജന്മി കുടുംബങ്ങളായിരുന്നു. ജാതീയത്വം ശക്തമായിരുന്നെങ്കിലും ഇവയ്ക്കെതിരായ പോരാട്ടങ്ങളോ പ്രക്ഷോഭങ്ങളോ ഇവിടെ ഉയർന്നു വന്നില്ല ചാവശേ്ശരി അംശക്കച്ചേരി ,കോടതിയുടെ അധികാരങ്ങളോടെ പ്രവർത്തിച്ചിരുന്നു. ചാവശ്ശേരിയിലെ ഒരു മുസ്ലിം കുടുംബത്തിനാണ് അധികാര സ്ഥാനം ലഭിച്ചിരുന്നത് .അധികാരിക്ക് ജുഡീഷ്യൽ അധികാരം ഉണ്ടായിരുന്നു .ബ്രിട്ടീഷ് പട്ടാളത്തിന്റെ ഉടമസ്ഥതയിലായിരുന്നു സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം. അതിനാൽ ഈ സ്ഥലം പട്ടാളസ്ഥലം എന്നറിയപ്പെട്ടു. മൈസൂരിൽ നിന്നും വരുന്ന പട്ടാളക്കാർക്ക് വിശ്രമിക്കുന്നതിനായുള്ള സ്ഥലമായിരുന്നു ഇത്.പട്ടാള ആവശ്യത്തിനായി പണിത രണ്ടു കിണറുകളും ഇവിടെ ഉണ്ട് .പയ്യാടക്കാരൻ,ശങ്കരൻ നമ്പിയാർ,കുങ്കൻ നായർ എന്നിവർ ചാവശ്ശേരിയിലെ സ്വാതന്ത്ര്യസമര സേനാനികളാണ് .ഇവർ 1940 സെപ്റ്റംബർ 15 ലെ മട്ടന്നൂർ സംഭവത്തിന്റെ പേരിൽ ജയിലിലടക്കപ്പെട്ടു.

# ഗവ:ഹയർ സെക്കന്ററി സ്കൂൾ, ചാവശ്ശേരി

## ലഘുചരിത്രം



20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ കരിമ്പിലെക്കണ്ടി ചാത്തുക്കുട്ടി ഗുരിക്കൾ എന്ന നിലത്തെഴുത്താൾ ചാവശ്ശേരി കോവിലകത്തിന്റെ സഹായത്തോടെ കോവിലകവളപ്പിൽ ആരംഭിച്ച എഴുത്തുപള്ളിക്കൂടമാണ് വളർച്ചയുടെ പടവുകൾ പിന്നിട്ട് ചാവശ്ശേരി ഗവ:ഹയർ സെക്കന്ററി സ്കൂളായിമാറിയത്.

തലശ്ശേരിയിൽ നിന്നും കിഴക്കുമാറി ആദ്യമായി സ്ഥാപിക്കപ്പെട്ട പോസ്റ്റ് ഓഫീസ് ചാവശ്ശേരിയിലാണ്. ഇവിടെ പോസ്റ്റ്മാനായി എത്തിയ ചാത്തുക്കുട്ടി ഗുരിക്കൾ ചാവശ്ശേരി പോസ്റ്റ് ഓഫീസ് എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലത്ത് ഒരു പള്ളിക്കൂടം സ്ഥാപിക്കുകയുണ്ടായി..2 വർഷത്തിനുള്ളിൽ ഇത് ചാവശ്ശേരി കോവിലകത്തോട് ചേർന്ന പൂവളപ്പ് എന്ന പറമ്പിലേക്ക്മാറ്റി.1908 ലാണ്ഇത്സ്ഥാപിക്കപ്പെടുന്നത്.1913 ൽചാവശ്ശേരിയിലെ കോവിലകംവക സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു.1922 ൽപള്ളിക്കൂടം സ്ഥിതിചെയ്യുന്ന കോവിലകം ഗുരുക്കൾക്ക് രജിസ്റ്റർ ചെയ്തുനൽകി.

1914 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഈ വിദ്യാലയത്തെ ഏകാധ്യാപക വിദ്യാലയമാക്കി മാറ്റി.നമ്പ്രഞ്ചേരി കുഞ്ഞിരാമൻ നമ്പ്യാർ ആദ്യ അധ്യാപകനായി നിയമിക്കപ്പെട്ടു.

1924 ൽ എൽ.പി സ്കൂളായി ഉയർത്തി. നമ്പ്രഞ്ചേരി കുഞ്ഞിരാമൻ നമ്പ്യാർ

ഹെഡ്മാസ്റ്ററായി തുടർന്നു.1957 ൽ യു.പി സ്കൂളായി ഉയർത്തപ്പെട്ട വിദ്യാലയത്തിൽ
ആദ്യ ഹെഡ്മാസ്റ്ററായി രാഘവവാര്യർ ചുമതലയേറ്റു.ഈ കാലത്തിനിടയിൽ കെട്ടിടം രണ്ടു തവണയായി കൈമാറ്റം ചെയ്യപ്പെട്ടു. നാട്ടുകാരുടെ ശ്രമഫലമായി 1980 ൽ ഹൈസ്കൂളായും,1997 ൽ ഹയർസെക്കന്ററിയായും ഉയർത്തപ്പെട്ടു.

1998 ൽ 2 പുതിയ കെട്ടിടസമുച്ചയം ആരംഭിച്ചതോടെയാണ് വിദ്യാലയത്തിന്റെ അടിസ്ഥാന വികസനം സാധ്യമായത്.അതുവരെയായി നിലനിന്നിരുന്ന ഓല ഷെഡ്ഡുകൾ ക്രമേണ ഇല്ലാതായിക്കൊണ്ടിരുന്നു.22 ഹൈടെക്ക് ക്ലാസ് മുറികൾ ഇന്നീ വിദ്യാലയത്തിന് സ്വന്തമായുണ്ട്.സ്മാർട്ട് റൂം,ലാബുകൾ,ലൈബ്രറി,പാചകപ്പുര കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങളിലേക്ക് എത്തിച്ചേരുന്നതിൽ നാട്ടുകാരും ജനപ്രതിനിധികളും അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്.







## വിടചൊല്ലും ഭംഗികൾ

കടലിലെ തിരകളെ തഴുകിടാനെത്തുന്ന
തളിരണിഞ്ഞുള്ളൊരു പൂന്തെന്നലും
മാരിവിൽ നിറമേഴു ചാർത്തിയ ശലഭവും
പറയാതെ അകലുന്ന പൊൻതിങ്കളും

പാതി വിടർന്ന മിഴികളോടെ-
പരിഭവം ചൊല്ലുന്ന പൂവുകളും
കതിരൊന്നു കൊത്തി വാനിലുയരുന്ന
പാടവരമ്പിലെ പൊൻകിളിയും


ആകാശമേഘങ്ങൾ നീങ്ങുന്നിതാ,മെല്ലെ
തെളിനീരാലൊഴുകും അരുവികളും
കളകളം പാടി കരകവിഞ്ഞൊഴുകുന്ന
കരിമീനുനീന്തും തോടുകളും

നന്മതൻ സുന്ദര കാഴ്ചയാകെ
പാറിയകലുന്ന ദുർമുഹൂർത്തം
ക്ഷണനേരം കൊണ്ടാകെ കെട്ടടങ്ങുന്നുവോ
നന്മയും സ്നേഹവും ഓർമകളും....

ചന്ദന.പി

9.C

# കുഞ്ഞാറ്റക്കിളിയും കുട്ടികളും




പൂവാഴത്തോപ്പിൽ തേനുണ്ണാനെത്തിയ
കുഞ്ഞാറ്റക്കിളി ചോദിച്ചു.
കുട്ടിക്കരണം മറിഞ്ഞു നടക്കുന്ന
ഉണ്ണിക്കിടാങ്ങളേ ചൊല്ലു വേഗം

നമ്മളെ നാമാക്കി മാറ്റിയ നാടിൻ
നന്മ നിറഞ്ഞൊരു നാമമെന്ത്?
നമ്മളേ നാമാക്കി പോറ്റിവളർത്തിയ
നാടത് ഭാരതം തന്നെയല്ലോ

സത്യം അഹിംസ തത്വം പഠിപ്പിച്ച
സത്യാഗ്രഹിയെ മറന്നുവോ നാം?

ഇല്ലൊരിക്കലും ഞങ്ങൾ മരിക്കിലും
ഗാന്ധിമഹാനേ മറക്കില്ല നാം.
ഒരു ജാതി ഒരു മതം ഒരു ദൈവമെന്നത്
ചൊല്ലിയഗുരുവാര് കൂട്ടുകാരേ?
ശ്രീനാരായണ ഗുരുപാദം

എന്നും നമിക്കും കിടാങ്ങൾ ഞങ്ങൾ
ഗീത-ഖുറാനും ബൈബിളും എല്ലാം



നമ്മെ പഠിപ്പിച്ച പാഠമോളു?
ഭൂമിമാതാവിൻ മക്കളാം നാമൊന്ന്
അഭിനവമാനവനോർക്കുന്നതുത്തമം
മര്യാദരാമൻതൻ ചരിതമതോതിയ
പൈങ്കിളിപ്പാട്ടല്ലോ രാമായണം

വിദ്യയാം ദേവിയേ തൊട്ടുണർത്തി
കൈകൂപ്പിത്തൊഴുതു പഠിക്ക നിങ്ങൾ
നന്മയറിഞ്ഞും തിന്മ ചെറുത്തും
ലോകശാന്തിക്കായ് പറന്നുയരൂ

സ്വാർത്ഥത പെരുകുമീയുലകിൽ
ഇത്തിരി സ്നേഹമാം തീർത്ഥം തളിക്കൂ
മാനവമൂല്യങ്ങൾ നെഞ്ചോടുചേർത്തു-
കൊണ്ടാ ശ്രേഷ്ഠഗുരു ശ്ലോകമാലപിക്കൂ.

-സി ആർ
കോമളവല്ലി
ഹിന്ദി അധ്യാപിക
(സംസ്ഥാന അധ്യാപിക അവാർഡ് ജേതാവ്)

# പെരുകുന്ന വൃദ്ധസദനങ്ങൾ

പ്രസന്ന.എം.വി



ലോകജനസംഖ്യയിൽ വൃദ്ധജനങ്ങളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് ആധുനിക കാലഘട്ടം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണ്.വൈദ്യശാസ്ത്ര രംഗത്തെ പുരോഗതിയും കാർഷിക വിപ്ലവവുമാണ്ഈ സാഹചര്യത്തിന് കാരണമായത്.അതു കൊണ്ടു തന്നെ വൃദ്ധജനതയെ സംരക്ഷിക്കുക എന്ന പുതിയൊരു സാമൂഹ്യബാധ്യതകൂടി ഉടലെടുത്തിരിക്കുന്നു.

ഈ വിഷയത്തിൽ ലോകത്തിന്റെ ശ്രദ്ധയാകർഷിക്കാൻ വേണ്ടി ഐക്യരാഷ്ട്രസഭ1999ലോകസവൃദ്ധജനവർഷമായിആചരിക്കുകയുണ്ടായിഅടുത്തകാലം വരെ വൃദ്ധജനതയുടെ പ്രശ്നങ്ങൾ ഇന്ത്യയിൽ അത്രരൂക്ഷമായിരുന്നില്ല.കാരണം ഇന്ത്യൻ പാരമ്പര്യമനുസരിച്ച് മക്കൾ അവരുടെ മാതാപിതാക്കളെ കുടുംബപാരമ്പര്യത്തിന്റെ സംരക്ഷകരായാണ് കണക്കാക്കിയിരിക്കുന്നത്.

കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അണുകുടുംബങ്ങൾ രൂപപ്പെട്ടതാണ് വൃദ്ധജനങ്ങൾ ഒറ്റപ്പെടാൻ കാരണമായത്.നാം നമ്മുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും മറന്നുകൊണ്ട് വൃദ്ധരായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്ക് അയക്കുന്നു.സ്വന്തം കടമകളിൽ നിന്നും ഒഴിഞ്ഞുമാറുന്നു.വാർധക്യം സ്നേഹവും സംരക്ഷണവും ആഗ്രഹിക്കുന്ന കാലമാണ്.അത് രണ്ടാം ബാല്യമാണ്.പാശ്ചാത്യസംസ്കാരത്തിന്റെ അന്ധമായ അനുകരണം ഭാരതത്തെ പോലെ ഉള്ള ഒരു രാജ്യത്തിന് അനുയോജ്യമല്ല.നമ്മുടെ അതിവൃദ്ധക്കുവേണ്ടിജീവിതം ഉഴിഞ്ഞുവെച്ച മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

ലോകത്തിൽ ആരോരുമില്ലാത്ത വൃദ്ധജനങ്ങൾക്ക് വൃദ്ധസദനങ്ങൾ ആശ്വാസമായിരിക്കും.എന്നാൽ മക്കളും പേരക്കിടാങ്ങളുമുള്ള വൃദ്ധന്മാർ അവിടേക്കുപോകേണ്ട അവസ്ഥ ഉണ്ടാക്കരുത്.മക്കൾ തന്നെ മാതാപിതാക്കളുടെ വൃദ്ധസദനങ്ങളിൽ കൊണ്ടുവിടുന്ന അവസ്ഥ തടയുവാൻ ഗവൺമെന്റ് നിയമ നിർമാണങ്ങൾക്കൊരുങ്ങുന്നത് ആശ്വാസം തന്നെയാണ്.

## പ്രളയം

ഇന്ന് മൂന്നാം തവണയാണ് ഞെട്ടിയുണരുന്നത്.

എന്തോ തീരെ ഉറക്കം കിട്ടുന്നില്ല. അത് ചിലപ്പോൾ സ്വന്തം വീട്ടിലെ, സ്വന്തം കിടക്കയിലെ സുഖകരമായ ഉറക്കത്തിൽ നിന്നും ഈ ബെഞ്ചുകളിലേക്ക് മാറിയതുകൊണ്ടാവാം.

രാത്രി വളരേ ഇരുട്ടിയിരിക്കുന്നു. പത്തിരുന്നൂർ പേർ തിങ്ങിഞെരുങ്ങി ഒരു ഹാളിൽ അനാഥശവങ്ങളെ പോലെ കിടക്കുന്നു. ഞാനും അതിനിടയിൽ തത്രപ്പെട്ട് ഒരിടം കണ്ടെത്തുകയായിരുന്നു.

വളരെപ്പെട്ടെന്നാണ് മലവെള്ളം കുതിച്ചു വന്നത് .അത് എന്നേയും എന്റെ കുടുംബത്തേയും.... ഹോ! ഓർക്കാൻ വയ്യ... അങ്ങനെ

ഓരോന്നും ചിന്തിച്ചുഞാൻനിദ്രയിലേക്കാണ്ടുപോയി.

വൈകിയെങ്കിലും ആ ദിനം പുലർന്നു. സൂര്യൻ പുഞ്ചിരിച്ചു കൊണ്ട് മിഴികൾ തുറന്നു, ഒപ്പംഞാനും. അപ്പോഴാണ് ഞാൻ എന്റെ അടുത്ത് കിടന്നിരുന്ന പെൺകുട്ടിയെ ശ്രദ്ധിച്ചത്. കറുത്ത പൊട്ട് തൊട്ടത് പോലെ കവിളത്ത് മിന്നുന്ന മറുകുള്ള, ഇരുനിറത്തിൽ മെലുഞ്ഞു നീണ്ടൊരു പെൺകുട്ടി . ഇന്നലെ വരെ വെട്ടിത്തിളങ്ങിയ അഴുക്കുപുരണ്ട എന്റെ വജ്രക്കമ്മലിലേക്കായിരുന്നു അവളുടെ നോട്ടം . ഞാൻ ശ്രദ്ധിക്കുന്നത് മനസ്സിലാക്കിയ അവൾ

എഴുന്നേറ്റ് കുലീനതയോടെ എന്നോട് ചോദിച്ചു.

ഞാൻ നിങ്ങെടെ അട്ത്ത് കെടന്നേ നിങ്ങക്ക് ബുദ്ധിമുട്ടായോ‌ാ ?

അപ്പോൾ എന്റെ കവിളത്തു കൂടി കിനിഞ്ഞിറങ്ങിയ കണ്ണീർ ചാലുകൾ തുടച്ചുകൊണ്ട് ഞാനവളെ വാരിപ്പുണർന്നുപോയി.

ഇന്നലകളുടെ അതിർ വരമ്പുകളിതാ ഇന്നീ പ്രളയത്തിൽ ഒലിച്ചുപോയിരിക്കുന്നു!

നിത വി.പി

VIII:A

## തീപ്പന്തം

അമ്മയാണവൾ
നന്മയാണ്
അനുജത്തിയാണവൾ
ഭാര്യയാണ്

എന്തിനേറെപ്പറയുന്നു വിശപ്പിനും
ദാഹത്തിനും അവൾ പൃത്ഥ്വിയാണ്
നെഞ്ചിൽ തീയാണ് തീക്കനലാണ്
സ്നേഹമാം പാൽപ്പായസവുമാണ്
എങ്കിലും ഇന്നവൾ എരിയുന്ന തീക്കുണ്ഡം
ആളുന്നിതാ വീണ്ടും തീപ്പന്തമായ്

അക്ഷരം പഠിപ്പിച്ചും അധ്യാപികയാക്കിയോൾ
പിച്ചവപ്പിച്ചും നർത്തകിയാക്കിയോൾ
താരാട്ടുപാടി ഗായകിയാക്കിയോൾ
ഇന്നുകിടക്കുന്നിതാറടിമണ്ണിൽ...........
സ്നേഹമാം കരങ്ങളാൽ ഞങ്ങളെ മുകർന്ന
ദൈവമാം മാതാവേ നിനക്കു പ്രണാമം

അമൃതശ്രീ മോഹനൻ
9.A

# പ്രാർത്ഥന



പ്രപഞ്ചത്തിലേകനാം ദൈവമെന്നാൽ
പ്രാർത്ഥന പലവിധമുലകിലഹൊ!
ഭ്രമമായ് , ഫാഷനായ് ,മുറവിളിയായ്
ദേവസംരക്ഷകർ യോദ്ധാക്കളായ്
ആക്രോശമായി പ്രാർത്ഥനകൾ
പ്രപഞ്ചത്തിലാകെ കറങ്ങിടുന്നു.

എണ്ണ വറ്റിയ മനസുകൾ മരുഭൂമിയായ്
വിവേകം , വികാരമായ് വെടിയുതിർപ്പൂ..
മനുഷ്യർ പല രൂപങ്ങളായ് ചിതറി..
മരുഭൂവിലെ തെളിനീര് ചോപ്പണിഞ്ഞു.

വനാന്തരങ്ങളിലോരിയിട്ടു
ഘോരമാം പ്രാർത്ഥനതൻ അലകൾ
ഓരികേട്ടായിരം മുയലുകള്
മാളത്തിനുള്ളിൽ പുതച്ചിരുന്നു.

ശ്രീപ്രഭ 9A

# ഐകമത്യം മഹാബലം

അതിമനോഹരമായ ഒരു കൊച്ചുഗ്രാമം. അവിടെ ഒരമ്മയും മൂന്നുമക്കളും താമസിച്ചിരുന്നു . മക്കൾ ഒരിക്കലും ഒരുമിക്കാത്തവരായിരുന്നു . സദാസമയം വഴക്കായിരുന്നു. അമ്മ ഒരിക്കൽ ഇവർക്ക് സ്വത്തെല്ലാം വീതിച്ചു കൊടുത്തു എന്നിട്ട് പറഞ്ഞു "എനിക്ക് പ്രായം കൂടി വരുകയാണ്, ഈ പണം കൊണ്ട് യാതൊരു പ്രയോജനവുമില്ല. നിങ്ങൾ ഈ പണം കൊണ്ട് വീടെടുത്ത് ഒരുമിച്ച് താമസിക്കണം ". നാളുകൾ കടന്ന്പോയി അമ്മ വിഷബാധയേറ്റ് മരിച്ചു . മക്കൾ ഒരു പദ്ധതിയിട്ടു.ഒരുവൻ പറഞ്ഞു "നമുക്കൊരു വീടെടുത്ത് ഒരുമയോടെ ജീവിക്കാം " അപ്പോൾ രണ്ടാമൻ പറഞ്ഞു "നമുക്ക് മൂന്ന് വീടെടുക്കാം".അത് മൂവരും ശരിവച്ചു.രണ്ടുപേർ യാതൊരു കഷ്ടപ്പാടുമില്ലാതെ ജീവിച്ചു. മൂന്നാമനായ ജോണിന് ജോലിയും വരുമാനവുമൊന്നും ഉണ്ടായിരുന്നില്ല.അവൻ കഷ്ടപ്പാടുകൾ കൂടപ്പിറപ്പുകളോടുപോലും പറഞ്ഞില്ല.ജോൺ പട്ടിണിയായി. ഗത്യന്തരമില്ലാതെ അവൻ കഷ്ടപ്പാടുകൾ സഹോദരന്മാരോട് പറഞ്ഞു.ഒരുമിച്ച് ജീവിച്ചു . മൂവരും ഒരുമിച്ച് ജീവിച്ചിരുന്നെങ്കിൽ ജോണിന് വിഷമിക്കേണ്ടിവരില്ലായിരുന്നു. ഇതിനോടകം അവനൊരു കാര്യം മനസിലാക്കി"ഐകമത്യം മഹാബലം"

-ഫാത്തിമത്ത്ഹിബ

VIII ബി

# ഇന്നലെതൻ ഭംഗികൾ



ഒഴുകുന്ന പുഴകൾ കുളിരുള്ള നദികൾ
കളകളം പൊഴിക്കുന്ന കാട്ടരുവി
പാടുന്ന കിളികൾ പറക്കുന്ന പക്ഷികൾ
എവിടെയോ മായുന്ന കാഴ്ചകളായ്

ഒരു കുഞ്ഞു പൂവിൻെറ ഇതൾ പൊഴിയും
പോലെ ഇല്ലാതെയാവുന്നു ഇന്നു നാട്.

പച്ചപ്പ് തേടിയലയുന്നഗോക്കൾക്കു
കാവലു നിൽക്കുന്ന കൊക്കുകളും
നിറകതിർ
സൂത്രത്തിൽകൊത്തിയെടുക്കുവാൻ
പാർത്തിരിക്കുന്ന പനംതത്തയും
ആസ്വദിച്ചീടുവാൻ ആശിച്ചിരുന്നാലും
ഇന്നില്ലാതാകുന്നീ നിറ ഭംഗികൾ.

ഭൂമിയിൽ ജീവിപ്പു ജന്തു ജാലങ്ങളും
ഓരോ നിമിഷവും വേച്ച് വേച്ച്
ജന്തു വർഗത്തിന്റെ തറവാട്ട് സ്വത്താണ്
ഈ നമ്മളവകാശി മാത്രമാണ്

കാക്കുക ഭൂമിയിൽ ജീവജാലങ്ങളെ
മാനവികതയ്ക്ക് ഉത്തരമായി.

വിഷ്ണു പ്രിയ
**IX C**

## വീട് നഷ്ടപ്പെട്ടവർ

ഒരുനിമിഷത്തിന്റെ ഏകാന്തതയിൽ
അകലുന്ന ഞാനൊരു വെളിച്ചത്തിനായ്.........
വീടും നാടും നഗരവും ഒഴുകിയലയുന്ന
ദിശയേത്......ദിക്കേതെന്നറിയാതെ........

പൽ കൊട്ടാരങ്ങളമർന്ന കൽ-പൊടി
പൊടിമണലും മാത്രം-മണൽ മാത്രം
കൂടപ്പിറപ്പുപോലും നഷ്ടപ്പെട്ട
ജീവിതവീഥിയിൽ........ഏകയായ്

ഇനിയുള്ള ജീവിതം എവിടെയെന്നഥിയാതെ
എന്തെന്നറിയാതെ..........................
ഭ്രതകാലത്തിൻ ശേഷിപ്പുകളില്ലാതെ
വേർപ്പാടിൻ ദുഃഖമുള്ളിലൊതുക്കി.....

കിടന്നുറങ്ങിയ കൂരപോലും
എവിടെയെന്നറിയില്ല....എങ്ങെന്നറിയില്ല...
നാളത്തെ പുതുനാമ്പുളെല്ലാം
ഇന്നൊരു മൺകൂനമാത്രം...

ജാതിമത വ്യത്യസമില്ലാതെ
എല്ലാം ജീവനം ഒരുകൂടക്കീഴിൽ..
അന്തിയുറങ്ങുന്ന നേരത്തെല്ലാം
ഉള്ളിന്റെയുള്ളിൽ വേദനമാത്രം..ഇനിയെന്ത്?

കരയേത് കടലേതെന്നറിയാതെ
ഒഴുകുന്ന അലയായ്...തിരകളായ്.....
നാളയുടെ കരുതലുകളെല്ലാം നഷ്ടമായി
കാത്തിരിക്കുന്ന ഞാനൊരുപുതിയ നാളേയ്ക്കായി...

വിസ്മയ ഇ

# ചായക്കൂട്ട്

എണ്ണച്ചായം : ഫിദഫാത്തിമ ;എട്ടാംതരം




## നദിയുടെ ഗാനം

സപ്തസ്വരങ്ങൾ പോലെ
സംഗീത സാഗരത്തിൽ
അലിയുന്ന പുഴതന്റെ
ഹൃദയത്തിൽ നിന്നുണരുന്ന ഗാനം
ആകാശത്തിന്റെ തോഴനാം
ഗന്ധർവ്വൻ പാടിയുണർത്തിയ ഗാനം
ആ പാട്ടിലലിഞ്ഞ തരുക്കൾ
തൻ പൂക്കളെ പുഴക്ക്
ഒരു ഉപഹാരമായി
നൽകുമ്പോൾ കണ്ണാടിപോൽ
പരിശുദ്ധയായവൾ
ആനന്ദഭരിതയായി നൃത്തമാടി.

ഗായത്രി കൃഷ്ണ .കെ
IX A

# പ്രകൃതി അമ്മയാകുന്നു

2018 നമുക്ക് ഏവർക്കും വളരെ വലിയ നഷ്ടമുണ്ടാക്കിയ വർഷം.ഇന്നിതാ നമ്മിൽ നിന്നും ആ നഷ്ടത്തിന്റെ വർഷം മറഞ്ഞു പോയിരിക്കുന്നു. ഓർക്കുംന്തോറും വേദനയേറിയ വർഷം,പലകെടുതികളും ഉണ്ടാക്കിയ വർഷം,ഒന്നോർക്കുമ്പോൾ കരഞ്ഞു പോകുന്ന വർഷം.എന്നാൽ ഇന്നിതാ ആ വർഷത്തിൽ നിന്നും മുക്തി നേടിയിരികുന്നു.കേരളത്തെ മുഴുവനായും പ്രളയത്തിൽ മുക്കിയ വർഷത്തിൽ നിന്നും പുതിയ വർഷമായ 2019 ലേക്ക് നമ്മൾ കടന്നിരിക്കുന്നു.ഈ വർഷത്തിൽ നമുകേവർക്കും നല്ല അനുഭവങ്ങൾ ഉണ്ടാവട്ടെ.പഴയ കാര്യങ്ങൾ ഓർക്കുമ്പോൾ വളരെ ഏറെ പശ്ചാതപിക്കണമെന്ന് തോന്നും.കുറേയെറേ ചീത്തകാര്യങ്ങളും നല്ല കാര്യങ്ങളും.എന്നാൽ ഈവർഷം തൊട്ട് നാം നല്ല കാര്യങ്ങളേ പ്രവർത്തിക്കു എന്ന് പ്രതിജ്ഞ എടുക്കുക.നാം ചെയ്യുന്ന മോശം പ്രവർത്തിക്ക് പ്രകൃതി തിരിചടിയായി തന്നതായിക്കാം2018 ലെ മഹാപ്രളയം.ഈ വർഷത്തിൽ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം.ഈ വർത്തിൽ മാത്രമല്ല ഇനിയുള്ള വർഷത്തിലും കുറേയേറെ മരങ്ങൾ നട്ട്പിടിപ്പിച്ച് പ്രകൃതിയെ അമ്മയായി സ്വീകരിക്കാം സംരക്ഷിക്കാം ആ അമ്മയെ വേദനിപ്പിക്കുന്നവർക്ക് ഈ ഭൂമിയിൽ ഒന്ന് തലച്ചായ്ക്കാൻ പോലും അർഹതയില്ലെന്ന് നമ്മുക്ക് മനസ്സിലാക്കാം.



ഫാത്തിമത്തുൽ ഫിദ

VIII F

# അവൾ



പൂവിൻ മൊട്ടുപോൽ

ഓർമ്മതൻ  ബാല്യം

വളർന്നു

പൂവിൻ തണ്ടായ്
അവളുടെ ചുവടുകൾ
കൗമാര,
യൗവനത്തിൽ

അമ്മവാൽസല്യ
ത്തിലമ്മയമ്മൂമ്മയായ്
ഭൂഗോളത്തിൽ
മെല്ലെമുന്നേറി

കാലം കനിഞ്ഞ
കരുത്താൽ
പറഞ്ഞവൾ
അടിമയല്ലാ ..ആരുടേയും.

വൈഷ്ണ രാജീവ്
VI A

## കേരളം എന്ന ഭ്രാന്താലയം

കേരളം ഒരു കാലത്ത് ഒരു ഹരിതസുന്ദര നാടായിരുന്നു.ആ കേരളത്തെ കുറിച്ച് ഒരു കാലത്ത് ശ്രീ വിവേകാനന്ദൻ 'ഭ്രാന്താലയം'എന്നു വിശേഷിപ്പിച്ചിരുന്നു.അത് പക്ഷെ നമ്മൾ എല്ലാവരും ആ വാക്കുകളെ പുച്ഛഭാവത്തോടെ നോക്കി കണ്ടു. എന്നാൽ ഇന്ന് കേരളം ഒരു ഭ്രാന്താലയംആയി മാറിക്കഴിഞ്ഞിരിക്കുന്നു.ദിനംതോറും ഹർത്താലുകൾ,അടിപിടികൾ,കൊല,ആക്രമം അങ്ങനെ ഒരുപാട് നീച പ്രവർത്തികൾ ദിനം തോറും കൂടി വരികയാണ്. ഒരു പുതുവർഷം പിറന്നിട്ട് ഒരു മാസം പോലുമാകുന്നതിന് മുമ്പ് എത്ര ആക്രമങ്ങൾ ഈ കേരള നാട്ടിൽ നടക്കുന്നുണ്ട്??? ഇതിനൊക്കെ ഒരറുതി വരുന്നത് എപ്പോഴാണെന്ന് ലോകത്ത് ആർക്കും പ്രവചിക്കാൻ പോലും കഴിഞ്ഞില്ലെന്ന് ഈ അവസരത്തിൽ പറയേണ്ടിവരും കേരളം വരും കേരളം ഒരു ഭ്രാന്താലയമാണെന്ന്.മുഖ്യമായും ഇപ്പോൾ കേരളം നേരിടുന്ന ഒരു പ്രശ്നമാണ് ശബരിമലയിലെ സ്ത്രീ പ്രവശേനം ഇതേ തുടർന്ന് എത്ര സംവാദങ്ങൾ,ചർച്ചകൾ,പോർവിളിഅങ്ങനെ എന്തല്ലാം.....പുണ്യ പുരാധനസ്ഥമായ ശബരിമല ഇപ്പോൾ പോർക്കളമാണ്.ഇതിനു കാരണം നമ്മൾ മനുഷ്യർ തന്നെയാണ്.നമ്മൾ തന്നെ നമ്മുടെ ഐശ്വര്യം ഇല്ലാതെ ആക്കുകയാണ് ചെയ്യുന്നത് അതു തന്നെയാണ് കേരളത്തിന്റെ ദൗർബല്യം.ഈ ദൗർബല്യം അകറ്റാൻ ഇനിനമ്മൾക്ക് മാത്രമേ സാധിക്കുകയുള്ളു എന്ന സത്യം നമ്മൾഓരോരുത്തരും മനസ്സിലാക്കേണ്ടത് പുതിയ തലമുറയുടെ ഭാവിക്ക് അനിവാര്യമാണ്....................

-രേവതി.കെ

IX-C

## ശാസ്ത്രം തോറ്റു; ഹോക്കിംഗ് ജയിച്ചു



ശാസ്ത്രപ്രവചനങ്ങൾ തെറ്റിച്ചുകൊണ്ട് വിസ്മയകരമായ ജീവിതം കാഴ്ച്ച വെച്ച അത്ഭുത പ്രതിഭയായിരുന്ന ഈ അടുത്ത്[14/03/2018] അന്തരിച്ച ഭൗതീകശാസ്ത്രജ്ഞൻ

സ്റ്റീഫൻ ഹോക്കിംഗ്.പ്രപഞ്ചസത്യങ്ങൾ തേടി സ്റ്റീഫൻഹോക്കിംഗ് ഗവേഷണങ്ങളിൽ മുഴുകിയപ്പോൾ മരണത്തെവെല്ലുവിളിച്ച് അദ്ദേഹത്തിന്റെ ജീവിതം ശാസ്ത്രത്തിന് അത്ഭുതമായി. 21ാം വയസ്സിൽ അമയോട്രോപ്പിക് ലാറ്ററൽസ്ക്ളീറോസിസ്[ALS] എന്ന രോഗം ബാധിച്ചപ്പോൾ മെഡിക്കൽ ലോകം അദ്ദേഹത്തിന് വിധിച്ചതിരരിൽ എണ്ണാവുന്ന മാസങ്ങൾ മാത്രമാണ്. എന്നാൽ ശാസ്ത്രപ്രവചനങ്ങളെ തിരുത്തി അദ്ദേഹം അഞ്ച് ദശാബ്ദങ്ങളെ

അതിജീവിച്ചു.വീൽ ചെയറിൽ ഇരുന്നുകൊണ്ടായിരുന്നുഅദ്ദേഹത്തിന്റെ പിന്നീടുള്ള ജൈത്രയാത്ര.നക്ഷത്രങ്ങൾ നശിക്കുമ്പോൾ രീപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്ന് ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്.സൈദ്ധാന്തികജ്യോതിശാസ്ത്രമായിരു-ന്നു സ്റ്റീഫൻ ഹോക്കിംഗിന്റെ മുഖ്യഗവേഷണമേഖ. 1947 ൽ തന്റെ 32ാം വയസ്സിൽ റോയൽ സൊസൈററിയിൽ സ്റ്റീഫൻ ഹോക്കിംഗ് ഫെല്ലോയായി.1979 ൽ കാംബ്രിഡ്ജ് സർവകലാശാലയിൽ ലൂക്കേഷ്യൻ പ്രൊഫസറായി നിയമിക്കപ്പെട്ടു.സർ ഐൈസക്ക് ന്യൂട്ടണിനു ശേഷം ഈ പദവിയിൽ നിയമിക്കപ്പെടുന്ന ശാസ്ത്രജ്ഞനായി സ്റ്റീഫൻഹോക്കിംഗ്.പിന്നീടാണ് പ്രപഞ്ചസത്യങ്ങൾ തേടിയുള്ള അദ്ദേഹത്തിന്റെ അന്വേഷണം ആരംഭിക്കുന്നത്.


ബഹിരാകാശ യാത്രനടത്താനുള്ളമോഹം ബാക്കിവെച്ചാണ് സ്റ്റീഫൻ ഹോക്കിംഗ് നമ്മോട് വിടപറഞ്ഞത്.ശാരീരിക വൈകല്യങ്ങളുള്ള ഒരു വ്യക്തിക്ക് ഇത്രയും കാര്യങ്ങൾ നേടാനായെങ്കിൽ മറ്റുള്ളവർക്ക് എത്രത്തോളം ഉയരങ്ങളിൽ എത്താമെന്ന് ലോകത്തിന് കണിച്ചു കൊടുക്കാനായിരുന്നു അദ്ദേഹത്തിന്റെ ഉദ്യമം.

ആഗോളതാപത്തെക്കുറിച്ചും അണ്വായുധപരീക്ഷണങ്ങളെക്കുറിച്ചും ഏറേ ആകുലനായിരുന്ന സ്റ്റീഫൻ ഹോക്കിംഗ് ഈ ഭ്രമി ഒരുനൂറ്റാണ്ടിനെകൂടി അതിജീവിക്കുക ഇല്ലെന്ന് പ്രവജിക്കുകയുണ്ടായി. ഏറേ ചർച്ച ചെയ്യപ്പെട്ട അദ്ദേഹത്തിന്റെ ശാസ്ത്രപ്രവചനമായിരുന്ന അത്.നാളെ ജീവിച്ചിരിക്കണമെന്ന് ഉറപ്പില്ലാതെ ഓരോ ദിവസത്തേക്കും കണ്ണുതുറക്കുന്ന വ്യക്തിയാണ് താൻ എന്നായിരുന്നു സ്റ്റീഫൻ ഹോക്കിംഗ് ഒരിക്കൽ പറഞ്ഞത് അതുകൊണ്ടുതന്നെ ഓരോ നിമിഷവും അതിന്റെ പൂർണ്ണതയിൽ ഉപയോഗപ്പെടു-ത്താൻ അദ്ദേഹം ശ്രമിച്ചു.ശാസ്ത്രലോകത്തിന് മാത്രമല്ല ഏതോരു സാധാരണക്കാരനും മാതൃകയാക്കാൻ കഴിയുന്ന പോരാളിയായിരുന്ന സ്റ്റീഫൻ ഹോക്കിംഗ്.ആ ശാസ്ത്രപ്രതിഭയ്ക്ക് കണ്ണീർ പ്രണാമം..........

## സോദരീ മാപ്പ്

നോക്കുന്നു ഞാനെൻ ജനാലവാതിൽ കൂടി
കാണാമാ കൊച്ചുകുടിലിൽ
വായ്ഭാഗം വരെ
അവിടുണ്ടൊരു അച്ഛനില്ലാമ്മയില്ലാരുമില്ലാ
മണ്ടരി ബാധിച്ച തെങ്ങിനെപ്പോലെ
വാടികുഴഞ്ഞൊരു താച്ചിയുണ്ട്
കൊച്ചിനെപോറ്റുവാനാ താച്ചി
പുലരുന്നതിൻ മുമ്പ് പാത്രവുമായ്
ഓട്ടപാത്രത്തിൽ നാലണയുമായി വീടുകൾ
തോറും കയറിയിറങ്ങും
പിന്നെയാ കൊച്ച് കുടിലിൽ ഒറ്റയ്ക്കിരിക്കും
സന്ധ്യവരെ
ഉച്ചകഴിഞ്ഞ് ഞാൻ നോക്കുമ്പോൾ
കാണാമാ, കൊച്ചുകുടിലിൽ 2 ചെറുപ്പക്കാർ
ഒന്നവൻ ഗജരൂപം പൂണ്ടവൻ
മറ്റവൻ ഒരു കഷണ്ടിത്തലയൻ
എന്നും വരാറുണ്ടവരാ കുടിലിൽ
കുറേ നേരത്തിന്നു ശേഷം പോകുവാറുണ്ട്
പിന്നീട് ആ കൊച്ചെപ്പോഴും തേങ്ങി

തേങ്ങി കരയാറുണ്ട്
അന്നൊരു ഉച്ചയിൽ ഞാനാദ്യമായാ
കുടിലിന്നടുത്തേക്ക് ചെന്നുനോക്കി
തേങ്ങിക്കരയുന്ന കുട്ടിയെ മെല്ലെ
തോളിൽ തട്ടി ഞാൻ ചോദിച്ചു
"എന്തിനാണാ ചെറുപ്പക്കാർ
നിത്യവും ഈ വീട്ടിൽ വന്നിടുന്നേ ?"



കൊച്ച് മെല്ലെ കണ്ണീരുതുടച്ചുകൊണ്ട്
വിങ്ങി വിങ്ങി ചൊല്ലിയെന്നോട്
"നിത്യേം വരാറുണ്ടവരിവിടെ
എന്റെ ദേഹത്തിൽ പിടിക്കാറുണ്ടവർ
മെല്ലെ എന്റെ കുപ്പാച്ചി വലിച്ചുകീറി
എന്നെ................'
പെട്ടന്ന് ഞാനാ കൊച്ചിന്റെ
വാപൊത്തി കെട്ടിപ്പിടിച്ചു
കരഞ്ഞുപ്പോയി
ഞാനെൻ കിടക്കയിൽ വന്ന് കിടന്ന്
കരഞ്ഞു കണ്ണീരു തീരുന്നതു വരെ
പിന്നെ ഞാൻ കേട്ടത്
ആ കൊച്ചിനെ ഓടയിൽ നിന്നും
കിട്ടി നഗ്നമായ്
എന്റെ കണ്ണുകളും ചെവികളും
നിർജീവമായി പോയി ഞാനാ
വാർത്ത ഏറ്റുവാങ്ങുമ്പോൾ
ഞാനാ ജനാല വാതിൽ കൂടി
നോക്കി അവിടെയാ കൊച്ചെന്നെ
നോക്കുന്നു നിഷ്കളങ്കമായ്....
ഞാൻ മാത്രമേ അവളെ കണ്ടുള്ളൂ
ഞാനെൻ മനസാക്ഷിയെ
കാർക്കിച്ചു തുപ്പിപ്പോയി
പറഞ്ഞു ഞാനാ കൊച്ചിനോട്
സോദരീ മാപ്പ് സോദരീ മാപ്പ്
ദൃഢശ്ചയപ്രതിജ്ഞ ഞാനെടുത്തു
ഇനിയിവിടെ ഉണ്ടാവരുത് മറ്റൊരാസിഫ
നടന്നു ഞാനാ പോലീസിനടുത്തേക്ക്............



-ആവണി.സി IX C

## കലോൽസവ വേദിയിൽ നിന്ന്





















# ഹോർട്ടികൾച്ചർ ഗാർഡൻ





# കൗൺസിലിംഗ് ക്ളാസ്സ്








JCI
INSPIRE
JCI PAZHASSI QUEENS
ZONE XIX
TRAINING


JCI
INSPIRE
JCI PAZHASSI QUEENS
ZONE XIX
TRAINING

വാദ്യകുലപതിയുടെ വേരുകൾ തേടി

# അഭിമുഖം







- ഞാൻ അമൃതശ്രീമോഹൻ:

ചാവശ്ശേരി ഗവ:ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്നു. സ്കൂളിൽ നിർമിക്കുന്ന ഡിജിറ്റൽ മാഗസിനിലേക്ക് ഇന്റർവ്യൂ ചെയ്യാനാണ് ഞങ്ങൾ വന്നിരിക്കുന്നത്.

- നിദ : ഞാൻ നിദ . ശ്രീ ശങ്കരൻകുട്ടിസാറിന്റെ അച്ഛനെയും അമ്മയെയും കണ്ട് സംസാരിക്കാൻ അവസരം കിട്ടിയതിൽ സന്തോഷം.

അമ്മ: നിങ്ങൾ വന്നതിൽ ഞങ്ങൾക്കും സന്തോഷം.

- അമൃതശ്രീ : ശ്രീ ശങ്കരൻ കുട്ടി സാറിന്റെ കുട്ടിക്കാലം ഓർത്ത് പറയാമോ?.

അച്ഛൻ : വളരെ ചെറിയപ്രായത്തിൽ തന്നെ ഏതാണ്ട് മൂന്ന് നാല് വയസ് പ്രായം ആണ് അമ്പലത്തിൽ കൊട്ടിപ്പാടിസേവ എന്നൊരു ചടങ്ങുണ്ട് .ഇടയ്ക്കയാണ് കൊട്ടുക. രഥത്തിൽ ദേവനെ എഴുന്നള്ളിച്ച് കൊണ്ടുവരുന്ന ചടങ്ങ്. എഴുന്നള്ളിപ്പ് കഴിഞ്ഞേരം മൂന്ന് വയസുള്ള



കുട്ടിശങ്കരൻ ഇടയ്ക്കയുടെ ശബ്ദം വായ്ത്താരിയായി..
അനുകരിക്കാൻ തുടങ്ങി . അന്നാണ് അവന്റെ താളബോധം ഞാൻ മനസിലാക്കിയത്
അത് അവന് സ്വയമുള്ള താളബോധമാണെന്ന്.
താളബോധം എല്ലാവർക്കും ഉണ്ടാവണമെന്നില്ല അത് ഒരു സർഗവാസനയായി
ജന്മാന്തരവാസനയായി.

- നിദ : അന്ന് എന്തെങ്കിലുംപ്രോൽസാഹനം
  കൊടുക്കാൻ അമ്മയ്ക്കും അച്ഛനും പറ്റിയോ?
  അച്ഛൻ : എങ്ങനെയെങ്കിലും ജീവിച്ചുപോവാനുള്ള അവസ്ഥ തന്നെ ഇല്ലായിരുന്നു . പക്ഷെ ഞാൻ ആയിരുന്നു താളവാദ്യത്തിൽ അവന്റെ ആദ്യത്തെ ഗുരു.
  അമ്മ: 12ാം വയസിൽ ഗാന്ധിസേവാസംഘത്തിൽ പഠിക്കാൻപോയി
  അവിടെ താളവാദ്യപരിശീലനം നടത്തി.
  അച്ഛൻ : അതിനുമുമ്പ് ഞാനവനെ കെട്ടിച്ചിട്ടുണ്ട് .
- അമൃതശ്രീ :കുടുംബത്തിൽ ഇതിന് മുമ്പ് താളവാദ്യത്തിൽ ആരെങ്കിലും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ?.
  അച്ഛൻ :ഇല്ല ആരുമില്ല. ശങ്കരൻ കുട്ടിക്ക് ശേഷം ഒരു പാട് താളവാദ്യക്കാർ ഉണ്ടായി, മക്കളും,മരുമക്കളും,പേരക്കുട്ടികളും, ഇന്ന് പ്രശസ്തമായ താളവാദ്യക്കാരാണ്.ശങ്കരന്റെ അനിയൻ മട്ടന്നൂർ ശിവരാമൻ കഴിഞ്ഞ 19 വർഷമായി .തൃശ്ശൂർ ഇലഞ്ഞിത്തറ മേളത്തിലെ വാദ്യക്കാരാനാണ്.
- നിദ:അമ്മയുടെ കുടുംബത്തിൽ ആരെങ്കിലും?
  അമ്മ : എനിക്ക് താളമേയില്ല, എല്ലാം അച്ഛന്റെ വഴിയാ..
- അമൃതശ്രീ :കുട്ടിയായിരിക്കുമ്പോൾ ശ്രീ ശങ്കരൻ  കുട്ടി കുസൃതിയായിരുന്നോ?
  അമ്മ : കുസൃതിയേയുള്ളൂ,, പറഞ്ഞൊാലൊന്നും കേൾക്കില്ല എവിടെയെങ്കിലും പോകാൻ പറഞ്ഞാൽ പോകില്ല. പീടികേൽ പോകാൻ പറഞ്ഞാൽ കൂട്ടാക്കില്ല.
- നിദ:പുതിയ തലമുറയിൽപ്പെട്ടവർ പാര്യമ്പര്യത്തിന് നേരെ മുഖം തിരിക്കുമ്പേൾ
  നിങ്ങളുടെ മക്കൾ പാരമ്പര്യത്തെ കാത്തുസൂക്ഷിക്കുന്ന അതിനേക്കുറിച്ച്?
  അച്ഛ്ഛൻ: ഇല്ലെന്ന് പറയണ്ട ,അപൂർവ്വമായിട്ടുണ്ട് .മാത്രമല്ല ഞങ്ങളുടെ കുടുംബത്തിൽ ശങ്കരൻ ശേഷമാണ് താളവാദ്യ രംഗത്തേക്ക് ഞങ്ങളുടെ പുതിയ തലമുറ കടന്നുവന്നത് അതിൽ നിന്നും നമ്മൾ മനസ്സിലാക്കേണ്ടതെന്താച്ചാൽ കുട്ടികളുടെ വാസനാബലം എന്താണെന്ന് മതാപിതാക്കൾ  മനസ്സിലാക്കണം അതിനനുസൃതമായിട്ടുള്ള പ്രോത്സാഹനവും സൗകര്യങ്ങളും കുട്ടികൾക്ക് ഒരുക്കിക്കൊടുക്കണം
- അമൃതശ്രീ : ക്ഷേത്രവും പരിസരവും ഭക്തിയുമൊക്കെ ശങ്കരൻ എന്ന കലാകാരനെ രൂപപ്പെടുത്തുന്നതിൽ എത്രമാത്രം
  സഹായിച്ചിട്ടുണ്ട്?
- അമ്മ : തീർച്ചയായും സഹായിച്ചിട്ടുണ്ട് .ഭഗവാന്റെ സൗഭാഗ്യങ്ങളാണെല്ലാം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.
  അച്ഛൻ : അതുകൊണ്ട് ഇന്നും ഞങ്ങൾ ക്ഷേത്രാചാരങ്ങളും അടിയന്തരവും ഒഴിവാക്കിയിട്ടില്ല .

- നിദ : കുട്ടിയായ ശങ്കരന്റെ പഠനകാലം ?

  അച്ഛൻ :ഓന് ഏതുകാര്യവും ഒറ്റ പ്രാവിശ്യേ കേൾക്കേണ്ടു.പഠനത്തിലും വാദ്യമേളത്തിലും തികഞ്ഞ ഏകാഗ്രതയാണ് .വെളുപ്പിന് മൂന്നരനാല് മണിക്ക് വാദ്യ പരിശീലനം തുടങ്ങും .10 മണിക്ക് സ്കൂളിൽ പോകും. മറ്റു മക്കളും പഠനത്തിന് മിടുക്കരാണ് .

  അമ്മ :പക്ഷേ മക്കൾക്കെല്ലാവരിക്കും ചെണ്ടയിലാണ് താൽപര്യം

- അമൃതശ്രീ : മകന് പത്മശ്രീ ലഭിച്ചപ്പോൾ നിങ്ങളുടെ പ്രതികരണം എന്തായിരുന്നു?

  അമ്മ : വളരേ സന്തോഷം തോന്നി.ഞാനും അച്ഛനും ശങ്കരന്റെ ഭാര്യയും,ഞങ്ങളെല്ലാം ഡൽഹിക്കുപോയി.കുറേ ആൾക്കാർപോയിരുന്നു . അകത്ത് കയറാൻ  അനുമതി കിട്ടിയില്ല. പക്ഷേ ഞങ്ങൾ അകത്തുകയറി. പ്ലെയിനിൽ ഫ്രീയായാ ......പോയത് .

- നിദ : മകന്റെ സിനിമാഭിനയത്തെക്കുറിച്ച്?

  അച്ഛൻ :മോഹൻലാലിന്റെ വാനപ്രസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ട കഥാപാത്രത്തെ അവനവതരിപ്പിച്ചു

  അമ്മ :സിനിമാഭിനയം അവന് താൽപ്പര്യമേ ഇല്ല .

- അമൃതശ്രീ : മകന് പത്മശ്രീ ലഭിച്ചപ്പോൾ നിങ്ങളുടെ പ്രതികരണം എന്തായിരുന്നു?

  അമ്മ : വളരെ സന്തോഷം തോന്നി ഞാൻ,അച്ഛൻ,ശങ്കരന്റെ ഭാര്യ ഞങ്ങളെല്ലാം ഡൽഹിക്ക് പോയി. കുറേ ആൾക്കാർ പോയിരുന്നു. എല്ലാവർക്കും അകത്ത് കയറാൻ അനുമതി കിട്ടിയില്ല .പക്ഷെ ഞങ്ങൾ അകത്തേക്ക് കയറി.പ്ലെയിനിൽ ഫ്രീയായാ പോയത്.

ഒരുപാട് സിനിമകൾ വന്നു. എല്ലാം വേണ്ടെന്നു വെച്ചു. ഓൻ പറയും.എന്റെ വഴി ചെണ്ട വാദ്യത്തിന്റേതാണ് എന്ന്.

- അമൃതശ്രീ: സിനിമ താരങ്ങളുമായി നിങ്ങൾക്കു അനുഭവം?

  അമ്മ: മോഹൻലാലടക്കം കുറേപേരെ പരിചയപ്പെടാൻ പറ്റി. ഫോട്ടോയെടുത്തു. ചെണ്ട പ്രിയനായ ജയറാം ശങ്കരന്റെ ശിഷ്യത്വം സ്വീകരിച്ച് ഇവിടെ വരാറുണ്ട്. ഞങ്ങളെല്ലാം സിനിമ സെറ്റിൽ പോയിട്ടുണ്ട്.

- നിദ: മകന്റെ പേരിൽ ഒരു നാട് തന്നെ അറിയപ്പെടുന്നു.അതിനെക്കുറിച്ച്...?

  അച്ഛൻ ശങ്കരൻകുട്ടി എന്ന് പറയണ്ട. മട്ടന്നൂർ എന്ന് പറഞ്ഞാൽ ശങ്കരൻകുട്ടിയായി. അതിലും വലിയൊരു സന്തോഷമുണ്ടോ?

- അമൃതശ്രീ: പുതിയ തലമുറയിലെ രക്ഷിതാക്കൾക്ക് എന്തെങ്കിലും  സന്ദേശം നൽകാനുണ്ടോ?

  അച്ഛൻ:രക്ഷിതാക്കൾക്ക് അവരുടെ ചട്ടക്കൂടിൽ കുട്ടികൾ വളരണമെന്നാണ് നിർബന്ധം.കുട്ടികളുടെസർഗവാസന എന്തിലാണോ അതിന് സൗകര്യം ചെയ്തുകൊടുക്കുകയാണ് രക്ഷിതാക്കൾ ചെയ്യേണ്ടത്.രക്ഷിതാക്കൾ വിചാരിക്കുന്ന വഴിയിലൂടെ കുട്ടികൾ സഞ്ചരിക്കണമെന്ന് നിർബന്ധം പിടിക്കുന്നത് ശരിയല്ല.

  അമ്മ:ഞങ്ങളുടെ മക്കളെ അവരുടെ ഇഷ്ടത്തിന് അവരുടെ കലാവാസനയ്ക്ക്

ഞങ്ങൾ വിട്ടുകൊടുത്തു.അങ്ങനെയാണ് മട്ടന്നൂർ ശങ്കരൻകുട്ടി, അനിയൻ മട്ടന്നൂർ ശിവരാമൻ ശ്രീകാന്ത് മട്ടന്നൂർ,ശ്രീരാഗ് ഇവരൊക്കെ ഉണ്ടായത്.

- അമൃതശ്രീ:മട്ടന്നൂർ എന്ന ഒറ്റവാക്ക് കൊണ്ട് ഒരു നാടിനെ മുഴുവൻ ലോകത്തിനടയാളപ്പെടുത്തിക്കൊടുത്ത ശ്രീ ശങ്കരൻകുട്ടി മാരാർഎന്ന അസാധാരണനായ കലാകാരന്റെ സാധാരണക്കാരായ അച്ഛന്റെയും അമ്മയുടെയും മുൻപിൽ വന്നിരിക്കാനും സംസാരിക്കാനും കഴിഞ്ഞതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു.

അച്ഛനും അമ്മയും: മക്കൾക്ക് എല്ലാവിധ നന്മകളും അനുഗ്രഹങ്ങളും നേരുന്നു.



"ജിജ്ഞാസ.....!"

വന്നപാടെ ബാഗും വലിച്ചെറിഞ്ഞ് മേരി കമ്പ്യൂട്ടറിനു മുന്നിൽ തലതാഴ്ത്തി. ഗേമും കളിച്ച് ഹരം പിടിച്ചിരിക്കുമ്പോളതാ പിന്നിൽ നിന്ന് അമ്മ അച്ഛനെ വിളിച്ച് എന്തൊക്കെയോ പിറുപിറുക്കുന്നു."ദേ വരുമ്പോൾ ഇച്ചിരി പുളി കൊണ്ടുവരണമേ......."അമ്മ അതും പറഞ്ഞ് ഫോൺ കട്ടുചെയ്ത് റൂമിലേക്കു പോയി. "പുളിയോ.....??അതെന്താ സാധനം??"മേരി തലപുകഞ്ഞാലോചിച്ചു.

താൻ പഠിച്ചപുസ്തകങ്ങളിൽ എവിടെയും കാണാത്ത വാക്ക്.

ജിജ്ഞസ വർദ്ധിച്ചപ്പോൾ അവൽ ഗൂഗിളിൽ സേർച്ച് ചെയ്തു. പു.......ളി........ഇംഗ്ലീഷിൽ ടൈപ്പുചെയ്തു.അയ്യോ...!!ഇതു ടൈഗറല്ലേ ങ്ങേ ! അപ്പോൾ പുലിയേ വാങ്ങാനാണോ അമ്മ അച്ഛനെ വിളിച്ച് പറഞ്ഞത്. അവൾ കമ്പ്യൂട്ടറിന് മുന്നിൽ നിന്ന് കുതറിയെഴുന്നേറ്റ് അമ്മയുടെ പിന്നാലെ അടുക്കളയിലേക്ക് പാഞ്ഞു. "അമ്മേ പുലി വേണ്ട,; പുലി കടിക്കും...."

നിത വി.പി

VIII:A

മികവ്

സംസ്ഥാന ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനം ലഭിച്ച ശാസ്ത്ര മാസിക












## കായിക മേള




















## കുട്ടിപ്പോലീസ്







പ്രവേശനോൽസവം





## ജെ ആർ സി







## ഒന്നാം ക്ളാസ്സ് ഒന്നാംതരം



പരിസ്ഥിതി ദിനം







ബഷീർ ദിനം





# നന്ദി

വർഷങ്ങൾക്കുമുമ്പ് സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായിരുന്ന, ഇംഗ്ലീഷ് ഭാഷയിൽ മാത്രം കൈകാര്യംചെയ്യാൻ സാധിച്ചിരുന്ന, കമ്പ്യൂട്ടർ എന്ന മഹാത്ഭുതം ഇൻറർനെറ്റിൻെറ കടന്നു വരവോടുകൂടി ജനകീയമാവുകയും പ്രാദേശിക ഭാഷകൾ കമ്പ്യൂട്ടറിൽ ഉപയോഗിക്കാൻ ആരംഭിക്കുകയും ചെയ്തു.

ആധുനിക ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങൾ വികാസം പ്രാപിച്ചതോടെ മലയാളം ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങളിൽ കുട്ടികൾക്ക് സാമാന്യമായ ഒരു അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുകയാണ്.

ശാസ്ത്രീയമായ രീതിയിൽ കീബോർഡ് ഉപയോഗിച്ചുള്ള അക്ഷരനിവേശനത്തിന് ഏറെ പ്രാധാന്യം നൽകിക്കൊണ്ട് നിർമ്മിച്ച ഈ ഇ-മാഗസിൻ നിർമ്മാണത്തിൽ മാർഗനിർദ്ദേശം നല്കിയ ഹെഡ്മിസ്ട്രസ് മൈത്രി ടീച്ചർ, രചനകൾ തയ്യാറാക്കിയ കുട്ടികൾ , ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ, രചനാ സമിതി അംഗങ്ങൾ, മറ്റ് അധ്യാപകർ, പിടിഎ അംഗങ്ങൾ കൂടാതെ ഈ സംരംഭത്തോട് സഹകരിച്ച എല്ലാവർക്കും ചാവശ്ശേരി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻെറ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.



കൈറ്റ് മാസ്റ്റർ : വി പി നസീർ

കൈറ്റ് മിസ്ട്രസ് : വി എം സുധ



നന്ദി

***********************